
# GOVT HIGH SCHOOL VANCHIVAYAL




2025-26



# ACADEMIC MASTER PLAN

# Table of Contents

അടിസ്ഥാന വിവരങ്ങൾ....2
ആമുഖം :....3
വിദ്യാലയ ചരിത്രം....5
വിദ്യാലയം മികവിന്റെ കേന്ദ്രം....7
കാഴ്ചപ്പാട്:....7
അവസ്ഥാ വിശകലനം....8
ഭൗതികം....8
അക്കാദമികം....10
വിഷയാധിഷ്ഠിത പ്രവർത്തനങ്ങൾ....11
പ്രതീക്ഷിത നേട്ടങ്ങൾ....11
മോണിട്ടറിംഗ്....11
ഉപസംഹാരം....12
മലയാളം....13
ലക്ഷ്യം....14
പ്രവർത്തനങ്ങൾ....14
ഭാഷാഭിമുഖ്യം വളർത്തൽ....14
തെളി മലയാളം....15
ആമുഖ കുറിപ്പ്....15
മൊഴിച്ചന്തം....16
വാർത്തകൾ/ വർത്തമാനങ്ങൾ....16
എഴുത്തുപെട്ടി....17
പ്രസ്ഥാനങ്ങൾ മാസങ്ങളിലൂടെ....17
പഠനനേട്ടം എല്ലാവരിലേയ്ക്കും....18
ദിനാചരണങ്ങൾ....18
സർഗവേള....18
ലൈബ്രറി....19
വിദ്യാരംഗം....19
സാങ്കേതികവിദ്യാ പരിചയം....19
ശില്പശാല/പ്രഭാഷണം....20
പരിമിതികൾ....20
ഉപസംഹാരം....21
സംക്ഷിപ്തം....21

தமிழ்......24
English......27
AIMS AND OBJECTIVES......27
HINDI......29
പൊതുവായ ലക്ഷ്യങ്ങൾ......29
മേഖല : HS അക്കാദമികം......29
സാമൂഹ്യശാസ്ത്രം......35
സാമൂഹ്യശാസ്ത്ര പഠന ലക്ഷ്യങ്ങൾ:-......35
അടിസ്ഥാനശാസ്ത്രം......41
ശാസ്ത്രപഠനം - ലക്ഷ്യങ്ങൾ......41
ഗണിതശാസ്ത്രം......45
ഗണിത ശാസ്ത്ര പഠനം - ലക്ഷ്യങ്ങൾ......45



# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവ. ട്രൈബൽ ഹൈസ്കൂൾ വഞ്ചിവയൽ |
| വിലാസം | : വള്ളക്കടവ് |
| ഫോൺ | : |
| സ്കൂൾ കോഡ് | : 30081 |
| വിദ്യാഭ്യാസ ഉപജില്ലാ | : പീരുമേട് |
| വിദ്യാഭ്യാസ ജില്ല | : കട്ടപ്പന |
| ബി ആർ സി | : പീരുമേട് |
| എസ്.എസ്.കെ | : വണ്ടിപ്പെരിയാർ |
| ബ്ലോക്ക് പഞ്ചായത്ത് | : അഴുത |
| ജില്ലാ പഞ്ചായത്ത് | : ഇടുക്കി (വണ്ടിപ്പെരിയാർ ഡിവിഷൻ) |
| നിയമസഭാ മണ്ഡലം | : പീരുമേട് |
| ലോകസഭാ മണ്ഡലം | : ഇടുക്കി |
| വില്ലേജ് | : മഞ്ചുമല |
| ഇമെയിൽ | : ghsvanchivayal@gmail.com |

# ആമുഖം :

വണ്ടിപ്പെരിയാർ പഞ്ചായത്തിൽ ഉൾപ്പെട്ട വള്ളക്കടവ് എന്ന സ്ഥലത്ത് ഒരു വിദ്യാലയം സ്ഥിതി ചെയ്യുന്നു. പെരിയാർ നദിയുടെ തീരത്തുള്ള ഒരു ചെറിയ ഗ്രാമമാണ് വള്ളക്കടവ്. തർക്കവിഷയമായ മുല്ലപ്പെരിയാർ ഡാം ഈ പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. ഡാമിലെ ജലം ആദ്യം ഒഴുകിയെത്തുന്ന ജനവാസമേഖലയാണ് വള്ളക്കടവ്. തേയില തോട്ടത്തിലും ഏലത്തോട്ടത്തിലും കൂലിവേല ചെയ്യുന്ന തൊഴിലാളികളും, സാധാരണക്കാരായ കുടിയേറ്റ കർഷകരും പാർക്കുന്ന ഒരു കുഗ്രാമം എന്ന് തന്നെ പറയാം. വന്യ മൃഗങ്ങളും കാലാവസ്ഥയും പ്രതികൂലമായി ജനജീവിതത്തെ ബാധിക്കുന്നുണ്ടെങ്കിലും പോരാടാനുള്ള ഇച്ഛാശക്തി അവരെ ഈ മണ്ണിൽ പിടിച്ചു നിര്ത്തുന്നു. പ്രാഥമിക സൗകര്യങ്ങളായ ആശുപത്രി, ബാങ്ക്, സാധനങ്ങൾ വാങ്ങാനുള്ള വിവിധ കടകൾ ഉൾപ്പടെ എല്ലാത്തിനും തൊട്ടടുത്ത വണ്ടിപ്പെരിയാർ എന്ന പ്രദേശത്തെ ആശ്രയിച്ചാണ് ഇവിടുള്ളവർ കഴിയുന്നത്. മൊബൈൽ നെറ്റ്വർക്ക്, റേഞ്ച് പോലുള്ള ഇന്നത്തെ കാലത്തിന്റെ ഒഴിച്ച് കൂടാനാവാത്ത ആവശ്യങ്ങൾ പോലും പരിമിതമായ ഈ മണ്ണിൽ നിന്നും പുറം ലോകത്തേക്കുള്ള യാത്ര സൗകര്യങ്ങൾ വേണ്ടത്ര ഇല്ല. നല്ല റോഡുകളോ വഴി വിളക്കുകളോ ഒന്നും തന്നെയില്ലാത്ത പൊട്ടി പൊളിഞ്ഞ വഴികളിലൂടെ വല്ലപ്പോഴും കടന്നു വരുന്ന ബസ് മാത്രമാണ് ആശ്രയം. ഓട്ടോ പിടിച്ചു വരണമെങ്കിൽ വേണ്ടി വരുന്ന ഭീമമായ കൂലി പേടിച്ചു പലപ്പോഴും കിലോമീറ്ററുകളോളം നടന്നാണ് ആളുകൾ അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നത്.

ഇവിടെ ഉള്ള ജനങ്ങളുടെ വിദ്യാഭ്യാസം എന്ന അവകാശം പൂർത്തീകരിക്കാൻ നിലവിൽ വന്ന സ്ഥാപനമാണ് ജി എച്ച് എസ് വഞ്ചിവയൽ എന്ന ഈ സരസ്വതി ക്ഷേത്രം. പശ്ചിമഘട്ട മലനിരകളിൽ വിനോദ സഞ്ചാരത്തിന്റെ സുന്ദര സ്ഥലമായ

ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിൽ NH 183 നിന്നും 9 കിലോമീറ്റര് അകലെ ദക്ഷിണ ഇന്ത്യയിലെ പ്രസിദ്ധ പുണ്യ സ്ഥലമായ ശബരിമല അയ്യപ്പൻറെ സന്നിധാനത്തിലേക്ക് പോകുന്ന വഴിയിൽപെരിയാർ ടൈഗർ ഫോറസ്റ്റ് റിസർവിനോടും മുല്ലപെരിയാർ ഡാമിൽ നിന്നും 5 കിലോമീറ്റർ അകലെ വള്ളക്കടവിൽ ഗവ.ഹൈ സ്കൂൾ വഞ്ചിവയൽ സ്ഥിതിചെയ്യുന്നു. മലയാളം, തമിഴ് വംശജരായ കുട്ടികൾക്ക് പ്രത്യേകം ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ വിഭാഗങ്ങളിലായി ഇവിടെ ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നു. ഗവി, കൊച്ചുപമ്പ പോലെയുള്ള വിദൂര പ്രദേശങ്ങളിലെ പുതുതലമുറയുടെ വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് ചിറകു നൽകുന്ന വിദ്യാലയമാണിത്. പട്ടിക വർഗ്ഗ മേഖലയായ വഞ്ചിവയൽ പ്രദേശത്തെ കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ ചാലക ശക്തിയും ഈ വിദ്യാലയം തന്നെ. അങ്ങനെ സാധാരണക്കാരിൽ സാധാരണക്കാരായ നിരവധി ജനങ്ങളിലെ വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് പ്രതീക്ഷ നൽകി ഈ വിദ്യാലയം നിലകൊള്ളുന്നു.

# വിദ്യാലയ ചരിത്രം

വഞ്ചിവയൽ ആദിവാസി സെറ്റിൽമെന്റിൽ 1957 ഒക്ടോബർ 30 ന് എൽ.പി.സ്കൂൾ ആയാണ് ഈ സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. 1965-67 കാലഘട്ടത്തിൽ പുല്ലുമേഞ്ഞ സ്കൂൾ കെട്ടിടം കാട്ടാനകളുടെ ആക്രമണത്തിൽ തകർന്നതിനാൽ പ്രവർത്തനം താത്കാലികമായി നിലച്ചു. ശ്രി.എ.നാണപ്പൻ പ്രഥമാധ്യാപകനായി ചുമതലയേറ്റ ശേഷം വഞ്ചിവയലിൽ തന്നെ വിദ്യാലയം പുനരാരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി. എന്നാൽ രക്ഷിതാക്കളുടെയും നാട്ടുകാരുടെയും വേണ്ടത്ര സഹകരണം ലഭിയ്ക്കാത്തതിനാൽ നാമ മാത്രമായിരുന്നു സ്കൂൾ പ്രവർത്തനം.

പിന്നിട് 1967-70 കാലഘട്ടത്തിൽ ഈ വിദ്യാലയം വള്ളക്കടവ് കുടിയേറ്റ മേഖലയിലേയ്ക്ക് മാറ്റുകയും ചെയ്തിരിന്നു. ആദിവാസി വിദ്യാർത്ഥികൾക്കും തോട്ടം തൊഴിലാളികളുടെയും കുടിയേറ്റ കർഷകരുടെയും മക്കൾക്കും വിദ്യാഭ്യാസ സൗകര്യം ലഭ്യമാക്കി കൊണ്ട് അന്നുമുതൽ ഇന്നോളം വഞ്ചിവയൽ ഗവ: ട്രൈബൽ സ്കൂൾ പുരോഗതിയുടെ പടവുകൾ ഒന്നൊന്നായി കയറിക്കൊണ്ടിരിക്കുന്നു.

ശ്രീ. സി.എ. കുര്യൻ പീരുമേട് എം.എൽ.എ ആയിരുന്ന കാലഘട്ടത്തിൽ 1982 ലാണ് ഈ വിദ്യാലയം യു.പി.സ്കൂൾ ആയി ഉയർത്തുന്നത്. അദ്ദേഹത്തിന്റെ സേവനങ്ങൾ മറക്കാൻ കഴിയാത്തതാണ്. ഈ വിദ്യാലയം വള്ളക്കടവിൽ കൊണ്ടുവരുവാനും അതിനു വേണ്ടി അടിസ്ഥാന സൗകര്യങ്ങളൊരുക്കുവാനും ധാരാളം പേർ പരിശ്രമിച്ചു.

2010-2011 ൽ ആർ. എം.എസ്. പദ്ധതിയിലുൾപ്പെടുത്തി ഈ വിദ്യാലയത്തെ ഹൈസ്കൂൾ ആയി ഉയർത്തി. ശ്രീമതി. നിർമ്മല ടീച്ചർ ആയിരുന്നു. ഹൈസ്കൂൾ ആയി ഉയർത്തിയതിന് ശേഷമുള്ള ആദ്യ എച്ച്. എം. ഹൈസ്കൂൾ ആയി ഉയർത്തിയതിന് ശേഷം നടന്ന എല്ലാ എസ്.എസ്.എൽ സി പരിക്ഷയിലും ഈ വിദ്യാലയം നൂറുശതമാനം നേടി വരുന്നു. അങ്ങനെ അധ്യാപകർ, രക്ഷകർത്താക്കൾ, നാട്ടുകാർ, പ്രാദേശിക സർക്കാരുകൾ, പൂർവ

വിദ്യാർത്ഥികൾ, പി.ടി.എ, വിവിധ വകുപ്പുകൾ എന്നിവരുടെ സഹകരണത്തോടെ വിദ്യാലയം പുരോഗതിയുടെ പാതയിൽ മുന്നേറി കൊണ്ടിരിയ്ക്കുന്നു. നിലവിൽ ഒന്നു മുതൽ പത്തുവരെ ക്ലാസുകളിലായി തമിഴ്, മലയാളം വിഭാഗങ്ങളിൽ LP വിഭാഗത്തിൽ 66 കുട്ടികളും UP വിഭാഗത്തിൽ 82 കുട്ടികളും ഹൈസ്കൂൾ വിഭാഗത്തിൽ 83 കുട്ടികളും അടക്കം 231 വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിൽ പഠിക്കുന്നു. എൽ. പി വിഭാഗത്തിൽ 9 അദ്ധ്യാപകരും (8 പേർ സ്ഥിരം ഒരു താത്കാലികം) യു.പി. വിഭാഗത്തിൽ 6 സ്ഥിരം അദ്ധ്യാപകരും, ഹൈസ്കൂൾ വിഭാഗത്തിൽ 10 അദ്ധ്യാപകരും (8 സ്ഥിരം 2 താത്കാലികം) ജോലി ചെയ്യുന്നു. ഇതു കുടാതെ ഒരു പൂർണ്ണസമയ കൗൺസിലറുടെ സേവനവും വിദ്യാലയത്തിൽ ലഭ്യമാണ്. സ്കൂൾ ഓഫീസർ എച്ച്.എം.നെ കുടാതെ ഒരു ക്ലർക്ക്, 2 ഓഫീസ് അറ്റൻഡർ ഒരു എഫ്.ടി.എം എന്നിവരും ജോലിചെയ്യുന്നു. കുട്ടികളുടെ ഉച്ചഭക്ഷണം തയ്യാറാക്കുന്നതിനായി ഒരു പാചകത്തൊഴിലാളിയും വിദ്യാലയവുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നു .



# വിദ്യാലയം മികവിന്റെ കേന്ദ്രം

## കാഴ്ചപ്പാട്:

- കേരളത്തിന്റെ പാരമ്പര്യത്തിലും ഭാരതത്തിന്റെ ഭരണഘടനയിലും ഉൾച്ചേർന്നിരിയ്ക്കുന്ന മൂല്യങ്ങൾ ഉൾകൊണ്ടു പ്രവർത്തിക്കുന്ന ഒരു തലമുറയെ സൃഷ്ടിക്കാനുതകുന്ന വിധത്തിലുള്ള വൈവിധ്യമാർന്ന അനുഭവങ്ങൾ പകർന്നു നൽകുക.
- 1-10 ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങളിലേർപ്പെടാൻ കഴിയും വിധം സമുഹത്തിലെ വിവിധ ഘട്ടങ്ങളെ ഏകോപിപ്പിക്കുക.
- വിവിധ മേഖലകളിൽ നിന്ന് വിഭവസമാഹരണം നടത്തി വിദ്യാലയത്തിന്റ്റെ സമഗ്രവികസനം സാധ്യമാക്കുക.
- 1-10 ക്ലാസിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിയ്ക്കുന്ന എല്ലാത്തരം ആശയങ്ങളും ധാരണകളും, ശേഷികളും നൈപുണികളും, മനോഭാവങ്ങളും, മൂല്യങ്ങളും ആർജ്ജിക്കുന്നതിന് അവസരമൊരുക്കുക.
- അധ്യയനത്തിൽ ആധുനിക സാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തുക .
- അക്കാദമികവും സാങ്കേതികവുമായ മികവ് വികസിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുക
- പഠനവും ബോധനവും ആഹ്ളാദകരമായ അനുഭവമാക്കി മാറ്റുക.
- കുട്ടികളുടെ സർഗ്ഗാത്മക വികസനത്തിന് അനുയോജ്യമായ പദ്ധതികൾ രൂപീകരിച്ചു നടപ്പാക്കുക.
- നിരന്തരം വിലയിരുത്തലിലൂടെ പരിമിതികൾ പരിഹരിച്ച് മുന്നേറുക
- കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള പഠന പ്രക്രിയ സാധ്യമാക്കുക

- സ്വയം പഠനം, സംഘ പഠനം, ലൈബ്രറി, ലാബ് തുടങ്ങിയ ഭൗതിക സൗകര്യങ്ങൾ പരമാവധി പ്രയോനപ്പെടുത്തുക.
- പ്രതിഭകളുടെ സേവനം വിദ്യാലയത്തിൽ ലഭ്യമാക്കുക.
- കുട്ടികളുടെ ശാരീരികവും മാനസികവുമായ പ്രശങ്ങൾ പരിഹരിക്കുന്നതിനുള്ള സംവിധാനം ഉറപ്പാക്കുക.
- വിദ്യാലയത്തിന്റെ സമസ്ത മേഖലകളിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കുക.

## അവസ്ഥാ വിശകലനം

### ഭൗതികം

വിദ്യാലയത്തിന്റെ പഠന നിലവാരം ഉയർത്തുന്നതിൽ ഭൗതിക സൗകര്യങ്ങളിലെ മികവ് വളരെ പ്രധാനമായ ഒന്നാണ്. ഭൗതിക സൗകര്യങ്ങളിൽ നിലവിൽ വിദ്യാലയത്തിന്റെ അവസ്ഥ പരിതാപകരമാണ്. മലയാളം, തമിഴ് വിഭാഗങ്ങളിലായി ആകെ 20 ഡിവിഷനുകളാണ് സ്കൂളിലുള്ളത്. ചുരിങ്ങിയത് 20 ക്ലാസ് മുറികൾ വേണ്ടിടത്ത് വേർതിരിക്കപ്പെട്ട 11 ക്ലാസ് മുറികൾ മാത്രമാണുള്ളത്. 6 ക്ലാസുകൾ സ്കൂൾ ഓഡിറ്റോറിയത്തിൽ താത്കാലികമായി വേർതിരിച്ച് നടത്തുന്നു. എൽ.പി.വിഭാഗത്തിൽ ഒരു ക്ലാസ് മുറിയിൽ തന്നെ 2 ക്ലാസുകൾ നടത്തേണ്ടി വരുന്നു. ഇത് സുഗമമായ അദ്ധ്യാപനത്തിന് വളരെയേറെ ബുദ്ധിമുട്ടുകൾ സമ്മാനിക്കുന്നു. ആധുനിക വിദ്യാഭ്യാസ നയം അനുസരിച്ചുള്ള പ്രവർത്തനാധിഷ്ഠിതമായ വിദ്യാഭ്യാസ രീതിക്കു ഈ സാഹചര്യം അപര്യാപ്തമാണ്. ഒരു ക്ലാസ്സിൽ എന്തെങ്കിലും പ്രവർത്തനം നൽകിയാൽ തൊട്ടടുത്ത ക്ലാസ്സുകളിൽ അധ്യയനം നടത്തുന്നത് ദുഷ്കരമാകുന്നു. വകുപ്പ് നിഷ്കർഷികുന്ന തരത്തിലുള്ള ഐ.ടി. ലാബ് അല്ല സ്കൂളിൽ പ്രവർത്തിക്കുന്നത്. ഉള്ള ലാബിന്റെ അവസ്ഥ വളരെ ശോചനീയവുമാണ്. ഹൈസ്കൂൾ, യു.പി വിഭാഗങ്ങളിൽ ഐ ടി വിദ്യാഭ്യാസത്തിനു വളരെയധികം

പ്രാധാന്യമേറി വരുന്ന ഈ കാലഘട്ടത്തിൽ IT വിദ്യാഭ്യാസ സൗകര്യങ്ങൾ മുതിർന്ന കുട്ടികൾക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടി വരുന്നു. ലൈബ്രറി, ലാബ് സൗകര്യങ്ങൾ സ്കൂളിൽ ഇല്ല എന്ന് തന്നെ പറയേണ്ടി വരും. ഹൈസ്കൂൾ അധ്യാപകർക്കായി ആകെയുള്ള ഒരു സ്റ്റാഫ് റൂമിലാണ് സയൻസ് ലാബും ലൈബ്രറിയുമൊക്കെ പ്രവർത്തിക്കുന്നത്. സയൻസ് ലാബ് ഉപകരണങ്ങൾ, സാമൂഹ്യശാസ്ത്ര പഠനത്തിനായുള്ള ഭൂപടങ്ങൾ, ഗ്ലോബുകൾ, ലൈബ്രറി ബുക്കുകൾ എന്നിവ സജ്ജീകരിച്ചിരിക്കുന്നത് ഈ സ്റ്റാഫ് റൂമിനുള്ളിൽ തന്നെയാണ്. കുട്ടികളെ ലാബിൽ കൊണ്ട് പോയ പരീക്ഷണങ്ങൾ കാണിച്ച് പഠനം നടത്തുന്നതിനോ, കുട്ടികൾക്ക് സ്വതന്ത്രമായി ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ എടുക്കുന്നതിനോ കഴിയുന്നില്ല. ഇത് കുട്ടികളുടെ പഠന നിലവാരത്തെ ഏറെ പിന്നിലേയ്ക്ക് വലിയ്ക്കുന്നു. കൗൺസിലിങ് റൂം, സിക്ക് റൂം എന്നിവ സ്കൂളിൽ ഇല്ല എന്ന് തന്നെ പറയാം. കുട്ടികളിലെ കായിക ശേഷി വളർത്തുന്നതിന് അനുയോജ്യമായ കളിസ്ഥലം സ്കൂളിന് നിലവിലില്ല.

കുടിവെള്ള സ്രോതസ് വിദ്യാലയത്തിൽ നിന്ന് അകലേയാണ് ഒരു പരിമിതിയാണ്. കുട്ടികളുടെ എണ്ണതിനനുസരിച്ചുള്ള ശുചിമുറികൾ സ്കൂളിൽ നിലവിലില്ല. കുട്ടികൾക്ക് ഉചിതമായി ഇരുന്നു ഭക്ഷണം കഴിക്കുന്നതിനുള്ള ഡൈനിങ്ങ് ഹാൾ ലഭ്യമല്ല. സ്കൂളിന് സംരക്ഷണ ഗേറ്റില്ല. സംരക്ഷണ ഭിത്തിയുടെ ഒരു ഭാഗം തകർന്നിരിക്കുകയുമാണ് . ഇത് ഏത് സമയത്തും, ആർക്കും അനധികൃതമായി സ്കൂളിനുള്ളിൽ കടന്നു കയറുന്നത്തിനു കാരണമാകുന്നു. ഈ അവസ്ഥ മൂലം സ്കൂളിലെ പല വസ്തുക്കളും ഇതിനോടകം തന്നെ നഷ്ടപ്പെട്ടിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പാചകപ്പുരയും സ്റ്റോറും നിർമ്മിച്ചിട്ടുണ്ട് . പുതിയ സ്കൂൾ കെട്ടിടത്തിനായി 5 കോടി രൂപ ഗവൺ മെന്റ് അനുവദിച്ചിട്ടുണ്ട്. തോട്ടം മേഖലയിലെയും , പട്ടിക ജാതി, പട്ടിക വർഗ്ഗ

വിഭാഗങ്ങളിലേയും ധാരാളം കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിന്റെ നിലവിലെ അവസ്ഥയെ മുൻ നിർത്തി നിർമ്മാണ നടപടികൾ വേഗത്തിലാക്കാൻ എല്ലാവരും എല്ലാവരും ഒരുമിച്ചു പ്രയത്നിക്കേണ്ടതുണ്ട് . ഗവി പോലുള്ള പിന്നോക്ക പ്രദേശങ്ങളിൽ നിന്ന് പോലുമുള്ള വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയം എന്നൊരു പരിഗണന ഈ വിദ്യാലയത്തിന് ലഭിക്കേണ്ടതാണ് . ഭൗതിക സൗകര്യങ്ങളിൽ പുരോഗതി ഉണ്ടായാൽ അത് കുട്ടികളുടെ പഠന നിലവാരത്തെ ഉയർത്തും. അതിലുടെ ഈ പ്രദേശത്തുനിന്ന് ഭൗതിക സൗകര്യങ്ങളുടെ പോരായ്മയുടെ പേരിൽ പുറത്തേയ്ക്ക് പോയി പഠിക്കുന്ന കുട്ടികളെ കൂടി ഈ വിദ്യാലയത്തിലേയ്ക്ക് ആകർഷിയ്ക്കാൻ കഴിയും.

## അക്കാദമികം

ഭൗതികമായി അനവധി പോരായ്മകൾ വേട്ടയാടുമ്പോഴും അക്കാദമിക കാര്യത്തിൽ അത് നിഴലിയ്ക്കാതിരിക്കാൻ വിദ്യാലയം വളരെയേറെ ശ്രദ്ധിയ്ക്കുന്നു. വിദ്യാലയം ഹൈസ്കൂളായി ഉയർത്തിയതിന് ശേഷം നടന്ന എല്ലാ എസ്.എസ്.എൽ.സി പരീക്ഷയിലും 100% വിജയം നേടാൻ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട് . 2024-2025 ലെ എസ്.എസ്.എൽ.സി പരീക്ഷയിലും ഈ വിജയം ആവർത്തിച്ചു. കുട്ടികളുടെ മാതൃഭാഷയും പഠനമാധ്യമവും രണ്ടാണ് എന്നുള്ളത് അവരുടെ പഠന നിലവാരത്തെ കാര്യമായി തന്നെ ബാധിക്കുന്നു. ഈ വിഷയത്തിൽ രക്ഷിതാക്കൾക്ക് ശരിയായ ബോധവത്കരണം നടത്തേണ്ടതുണ്ട്. കായിക പരിശീലനത്തിന് പൂർണ്ണസമയ അദ്ധ്യാപകന്റെ സേവനം അത്യന്താപേക്ഷിതമാണ്. ലൈബ്രറി, ലാബ് സംവിധാനത്തി ലെ പോരായ്മ പഠനത്തെ നന്നായി ബാധിക്കുന്നുണ്ട്. കഴിയാവുന്ന പരീക്ഷണങ്ങൾ ക്ലാസുകളിൽ കാണിച്ചും, പുസ്തകങ്ങൾ കുട്ടികളിലേയ്ക്ക് എത്തിച്ചും. വിദ്യാരംഗം പോലെയുള്ള ക്ലബ്ബുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയും പോരായ്മകളെ ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. ലഭ്യമായ കമ്പ്യൂട്ടറുകൾ ക്ലാസ് മുറികളിൽ നേരിട്ട്

കൊണ്ടുപോയി  കഴിയാവുന്ന അനുഭവങ്ങൾ കുട്ടികൾക്ക് പകർന്നും നൽകി സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. സ്കൂളിലെ വിവിധ ക്ലബ്ബ്കളുടെ പ്രവർത്തനം, ദിനാചരണങ്ങൾ  എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളിലുടെ കുട്ടികളിലെ പാഠ്യ പാഠ്യേതരശേഷികൾ നല്ലരീതിയിൽ വികസിപ്പിച്ചെടുക്കാൻ  കഴിയും. Spoken English, ഭാഷ, ഗണിതം എന്നീ മേഖലകളിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം രാവിലെ 9 മുതൽ 10 വരെ നൽകി അവരുടെ പഠന വിടവുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ അതാത് വിഷയം കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർ ആസൂത്രണം ചെയ്യേണ്ടതായുണ്ട് . പഠനത്തിൽ മുന്നാക്കം നിൽക്കുന്ന  വിദ്യാർത്ഥികൾക്ക് കൂടുതൽ പരിശീലനം നൽകി അവരെ വിവിധ പരീക്ഷകൾക്ക് സജ്ജരാക്കാനുള്ള പ്രവർത്തനം അദ്ധ്യാപകർ ക്രമീകരിക്കേണ്ടതായുണ്ട് .

# വിഷയാധിഷ്ഠിത പ്രവർത്തനങ്ങൾ

## പ്രതീക്ഷിത നേട്ടങ്ങൾ

ശിശു സൗഹാർദ്ദപരമായ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു. സ്കൂൾ സമൂഹത്തിന്റെ ഒരു ഭാഗമാണെന്ന എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു. കുട്ടികളുടെ വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിയ്ക്കുന്നു. മത നിരപേക്ഷ സമുഹത്തെ കെട്ടിപ്പടുക്കുന്നു.

## മോണിട്ടറിംഗ്

എച്ച്. എം, എസ്. ആർ. ജി കൺവീനർ, പി.ടി.എ പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ ദൈനംദിന മോണിട്ടറിംഗും പി.ടി.എ., എം.പി.ടി.എ, എസ്.എം.സി എന്നിവരെ ഉൾപ്പെടുത്തി സോഷ്യൻ മോണീട്ടറിംഗും നടത്തുന്നു.

## ഉപസംഹാരം

ഭാവി ഭാരതത്തെ കെട്ടിപ്പടുത്താനുള്ള തലമുറയെയാണ് വിദ്യാലയങ്ങളിൽ വാർത്തെടുക്കുന്നത്. ആ പ്രക്രിയ മുഴുവനും സൗജന്യവും, ഗുണപരവും ആയിത്തിരേണ്ടതുണ്ട്. മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന വിദ്യാഭ്യാസ പ്രക്രിയയാകണം പൊതുവിദ്യാലയത്തിൽ നടക്കേണ്ടത് . ജാതി, മത, വർഗ്ഗ, വർണ്ണ, സാമ്പത്തിക വേർതിരിവുകളില്ലാത്ത ഒരു സമുഹം കെട്ടിപ്പടുക്കുക എന്നതാകണം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യങ്ങളിൽ തന്നെയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞപ്രവർത്തനങ്ങൾ ഊന്നൽ നൽകുന്നത് . അതിനാൽ തന്നെ ഈ മഹത്തായ ഉദ്യമത്തിൽ പങ്കാളിയാകുക എന്നുള്ളത് നാം ഓരോരുത്തരുടെയും കടമയാണ്. നാട്യങ്ങളൊന്നുമില്ലാത്ത ഗ്രാമത്തിന്റെ നൻമ ഉയർത്തിപ്പടിയ്ക്കുന്ന നമ്മുടെ വിദ്യാലയത്തിന്റെ പാരമ്പര്യം കാത്തു സൂക്ഷിയ്ക്കാൻ ഈ വികസന രേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.





# മലയാളം

ഏതൊരു മനുഷ്യന്റെയും ഹൃദയത്തോട് ചേർന്ന് നിൽക്കുന്നതാണ് അവന്റെ മാതൃഭാഷ. ഹൃദയവികാരങ്ങൾ തീവ്രതയോടെ അവതരിപ്പിക്കാൻ മാതൃഭാഷയേക്കാൾ ശക്തിമത്തായ മറ്റൊരു ഭാഷ ഇല്ല തന്നെ. ഏതു ഭാഷയിൽ എന്ത് കാര്യങ്ങൾ ആവിഷ്കരിക്കണം എങ്കിലും അതിന്റെ ആശയം ഒരുവന്റെ ഉള്ളിൽ തെളിയുന്നത് അവന്റെ മാതൃഭാഷയിലുടെയാണ്. അതിനാൽ തന്നെ മാതൃഭാഷ ശക്തവും, യുക്തവും ആയി പ്രയോഗിക്കാൻ ഒരോരുത്തർക്കും കഴിയേണ്ടതുണ്ട്. മലയാളിയെ സംബന്ധിച്ചടത്തോളം ഈ സ്ഥാനം അലങ്കരിയ്ക്കുന്നത് മലയാള ഭാഷയാണ്.

പ്രൈമറി തലത്തിൽ തന്നെ മലയാളം തെറ്റു കൂടാതെ പ്രയോഗിക്കുവാനുള്ള ശേഷികൾ ആർജ്ജിക്കേണ്ടതുണ്ട് . സ്കൂൾ തലം കഴിയുന്നതോടെ അവന്റെ ഹൃദയവികാരങ്ങളെ വിഭിന്ന രൂപങ്ങളിൽ ആവിഷ്കരിക്കുവാൻ ശേഷി നേടുകയും വേണം. മാത്രമല്ല അത്തരത്തിലുള്ള ഹൃദയവികാരങ്ങളെ ആവിഷ്കരിക്കുന്ന അനവധിയായ സാഹിത്യ കൃതികളെ ആസ്വദിക്കാനും വിലയിരുത്താനും ഉള്ള ശേഷിയും ആർജ്ജിക്കേണ്ടതുണ്ട്. ഭാഷാപഠന ക്ലാസുകളും. പ്രവർത്തനങ്ങളും ഈ ലക്ഷ്യത്തെ മുൻ നിർത്തിയിരിക്കണം ആസൂത്രണം ചെയ്യേണ്ടത്. പഠനത്തിൽ മുന്നാക്കം നില്ക്കുന്നവർക്കും പിന്നോക്കം നിൽക്കുന്നവർക്കും ഈ ശേഷികൾ ആർജ്ജിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. അത്തരം പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത വിവരണമാണ് ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്നത്.

## ലക്ഷ്യം

1. എല്ലാ കുട്ടികൾക്കും പഠനനേട്ടം ഉറപ്പുവരുത്തുക

2. അക്ഷരം, പാദം, വാക്യം എന്നീ തലങ്ങളിൽ ശരിയായ ധാരണ ഉറപ്പാക്കുക

3. ശരിയായ ആശയഗ്രഹണത്തിന് ശേഷി നേടുക

4. ആശയം ഉൾക്കൊണ്ട് വായിക്കുന്നതിനുള്ള ശേഷി നേടുക

5. സ്വന്തം ആശയം ഉചിതമായി ആവിഷ്കരിക്കുവാനുള്ള ശേഷി നേടുക

6. സാഹിത്യാഭിരുചി വളർത്തുക.

7. അറിവിന്റെ വിപുലികരണം സാധ്യമാക്കുക

8. വായനശീലം വളർത്തുക

9.ആധുനിക സാങ്കേതിക വിദ്യയെ ഭാഷാ പഠനത്തിൽ ഉചിതമായി ഉപയോഗപ്പെടുത്തുക

## പ്രവർത്തനങ്ങൾ

### ഭാഷാഭിമുഖ്യം വളർത്തൽ

ഈ വിദ്യാലയത്തിലെ നല്ലൊരു പങ്ക് കുട്ടികൾ ആദിവാസി, തോട്ടം മേഖലയിൽ നിന്നു വരുന്നവരാണ്. ആശയ വിനിമയം ഭാഷാ വികസനത്തിൽ ഒരിക്കലും ഒരു കാരണവശാലും ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്. ഈ വിദ്യാലയത്തിൽ മലയാള ഭാഷാപഠനത്തിൽ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി മലയാള ഭാഷയിലെ ഭാഷയിലെ ആശയ വിനിമയം തുലോം കുറവാണ് എന്നുള്ളതാണ്. ഭാഷാപഠനം ക്ലാസ് മുറികളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. വിട്ടിലും, കൂട്ടികൾ പരസ്പരവും ആശയ വിനിമയം ചെയ്യുന്നത് തമിഴ് ഭാഷയിലാണ്. ഈ പ്രവണത ഭാഷാവികാസത്തിൽ പ്രതിസന്ധി സൃഷ്ടിക്കുന്നു. മലയാള മാധ്യമത്തിൽ മലയാള ഭാഷ

ഉപയോഗിക്കുന്നതിന് പ്രചോദിപ്പിക്കുക എന്നത് ഒരു പ്രധാന പ്രവർത്തനമായി ഏറ്റെടുക്കേണ്ടതുണ്ട്. അതിനായി അത്തരം ആശയ വിനിമയത്തിനുള്ള കൂടുതൽ സാഹചര്യം സൃഷ്ടിക്കുന്ന തരത്തിൽ ക്ലാസ് റൂം പ്രവർത്തനങ്ങൾ അസൂത്രണം ചെയ്യുവാൻ ലക്ഷ്യമിടുന്നു. സംവാദം, സംഭാഷണം തയ്യാറാക്കൽ, സംഭാഷണ ഭാഗങ്ങൾ ഉൾക്കൊള്ളുന്ന രചനകൾ പരിചയപ്പെടുവാനുള്ള അവസരം സൃഷ്ടിയ്ക്കൽ എന്നീ പ്രവർത്തനങ്ങൾ ക്ലാസ് റൂം പഠന പ്രവർത്തനങ്ങളുടെ ഭാഗമായി കൂടുതൽ ഉൾപ്പെടുത്തുവാൻ ലക്ഷ്യമിടുന്നു.

## തെളി മലയാളം

ഭാഷ പ്രയോഗിക്കുന്നതിൽ ഓരോ ക്ലാസിലും ഏതാനും കുട്ടികളെങ്കിലും പിന്നാക്കം നിൽക്കുന്നുണ്ട്. അക്ഷരം, ചിഹ്നം എന്നിവ ശരിയായി പ്രയോഗിക്കുന്നതിലെ ധാരണക്കുറവാണ് ഇതിൽ പ്രധാനം. തെറ്റായ ഉച്ചാരണ രീതിയും ഈ വിഷയത്തിൽ കാരണമായി നിലനിൽക്കുന്നു. അത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി തെളി മലയാളം എന്ന പേരിൽ ഒരു പരിശീലന പരിപാടി ആസൂത്രണം ചെയ്യുന്നു. അക്ഷരം, പദം, വാക്യം, ആസ്വാദനം , രചന എന്നിങ്ങനെ ഘട്ടം ഘട്ടമായി വികസിക്കുന്ന തരത്തിലുള്ള ഒരു രൂപരേഖയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. രസകരമായി ഭാഷ സ്വായത്തമാക്കുന്നതിനുള്ള ഒരു രൂപരേഖയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. രസകരമായി ഭാഷ സ്വായത്തമാക്കാനുള്ള ഒരു പരിശീലന പദ്ധതിയായാണ് ഇത് ആസൂത്രണം ചെയ്തിരിക്കുന്നത്.

## ആമുഖ കുറിപ്പ്

പാഠഭാഗങ്ങളിലൂടെ ആമുഖ ഖണ്ഡികകൾ തനിയെ എഴുതുവാൻ പരിശീലിപ്പിക്കുന്ന പ്രവർത്തനം. പാഠഭാഗങ്ങളെ ചെറിയ സൂചനകൾ നൽകി വികസിപ്പിക്കുന്ന രീതി. പാഠഭാഗങ്ങളുടെ പഠനത്തോടൊപ്പം നടക്കുന്ന പ്രവർത്തനം.

ഉദാ 9 ക്ലാസ്

ഏതാനും വാക്കുകൾ നൽകുന്നു.

കുമാരനാശാൻ , ആനന്ദൻ, മാതംഗി , കവിത , ചണ്ഡാല ഭിക്ഷുകി, സുകൃതാഹാരങ്ങൾ

കുമാരനാശാന്റെ ചണ്ഡാല ഭിക്ഷുകി എന്ന ഖണ്ഡകാവ്യത്തിൽ നിന്നും എടുത്ത ഒരു ഭാഗമാണ് സുകൃതാഹാരങ്ങൾ എന്ന കവിതഭാഗം. ബുദ്ധഭിക്ഷുവായ ആനന്ദനും , ചാമർ നായകന്റെ കിടാത്തിയായ മാതംഗിയുമാണ് ഇവിടുത്തെ പ്രധാന കഥാപാത്രങ്ങൾ

## മൊഴിച്ചന്തം

പാഠഭാഗങ്ങളിലെ പഴഞ്ചൊല്ലുകൾ പ്രയോഗ സവിശേഷതകൾ ശൈലികൾ വാമൊഴി വഴക്കങ്ങൾ തുടങ്ങി ഭാഷയുടെ ഭംഗി മനസ്സിലാക്കി തരുന്ന വായന , കവിതാലാപനം തുടങ്ങിയ കൂട്ടിയിണക്കി ക്ലാസ്സ്മുറിയിൽ പഠനപ്രവർത്തനങ്ങളോടൊപ്പം പുറത്തും നടത്തുന്ന പ്രവർത്തനങ്ങളാണ് മൊഴിച്ചന്തം

പഴഞ്ചൊൽ ശേഖരണം - ജൂൺ - ഫെബ്രുവരി

പഴഞ്ചൊൽ പതിപ്പ് - ഫെബ്രുവരി

കടങ്കഥ പറയൽ- ക്ലാസ് റൂം

കടങ്കഥ മത്സരം - ഓണാഘോഷം/ മറ്റു പരിപാടികൾ

മറ്റു പ്രദേശങ്ങളിലെ വാമൊഴിയിൽ സംസാരിക്കാൻ അത്തരത്തിലുള്ള കൃതികളുടെ വായന ശൈലികളുടെ അർത്ഥവും അവയുടെ ശേഖരണവും

കാവ്യാലാപനം- ക്ലാസ് മുറി വിദ്യാരംഗ വേദി

## വാർത്തകൾ/ വർത്തമാനങ്ങൾ

കുട്ടികളുടെ ആശയവിനിമയ ശേഷി , എഴുതുവാനുള്ള ശേഷി , വിലയിരുത്തൽ ശേഷി എന്നിവ ഉയർത്തുവാനുള്ള പ്രവർത്തനമാണിത്. ജൂൺ മുതൽ ഫെബ്രുവരി വരെ നീണ്ടു നിൽക്കുന്ന പ്രവർത്തനം.

പത്ര വായന, വാർത്ത എഴുതാൻ, വാർത്ത വായിക്കൽ, വാർത്ത റിപ്പോർട്ട് ചെയ്യൽ, ചാനൽ വാർത്തകളുടെ ഘടനയിൽ വാർത്ത തയ്യാറാക്കൽ എന്നിങ്ങനെ വിവിധങ്ങളായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

## എഴുത്തുപെട്ടി

കുട്ടികളോട് കത്ത് എഴുതി അധ്യാപകർക്കും കൂട്ടുകാർക്കും അയക്കാൻ പറയുന്ന പ്രവർത്തനം .

സ്കൂൾ തലത്തിൽ എഴുത്തുപെട്ടി സ്ഥാപിച്ച് ശേഖരിക്കുന്ന എഴുത്തുകൾ വിതരണം ചെയ്യുന്നു. അധ്യാപകർ കത്തിന്റെ ഘടന പാലിച്ച് മറുപടി എഴുതുന്നു. കുട്ടികളിലെ ആശയ വിനിമയ ശേഷി , എഴുതുവാനുള്ള ശേഷി വർധിപ്പിക്കുന്ന പ്രവർത്തനം ,

## പ്രസ്ഥാനങ്ങൾ മാസങ്ങളിലുടെ

ഭാഷയിലെ വിവിധങ്ങളായ സാഹിത്യ പ്രസ്ഥാനങ്ങളേയും അവയിലെ പ്രധാന സൃഷ്ടികളേയും സാഹിത്യകാരൻമാരേയും കുട്ടികൾക്ക് സുപരിചിതമാക്കുവാനും ലൈബ്രറി സൗകര്യം ഉപയോഗിക്കുന്നതിലെ പരിമിതി ഒരു പരിധിവരെ ഒഴിവാക്കുവാനും ഇതിലുടെ ലക്ഷ്യമിടുന്നു. ഓരോ മാസത്തിലും രണ്ടോ അതിലധികമോ സാഹിത്യപ്രസ്ഥാനങ്ങളെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. അതിനായി ലൈബ്രറി ശേഖരത്തിലുള്ള അതാത് പ്രസ്ഥാനങ്ങളിലെ മുഴുവൻ രചനകളും ക്ലാസ് തലത്തിൽ പ്രദർശിപ്പിക്കുകയും പരിചയപ്പെടുന്നതിന് അവസരം നൽകുകയും, ഇഷ്ടമുള്ളത് തെരഞ്ഞെടുത്ത് വായിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നു. ഭാഷയേയും സാഹിത്യത്തേയും കൂടുതൽ ആഴത്തിൽ സമീപിക്കാൻ ഇതിലുടെ കുട്ടികൾക്ക് കഴിയുന്നു.

## പഠനനേട്ടം എല്ലാവരിലേയ്ക്കും

ക്ലാസ്റും പ്രവർത്തനങ്ങൾ പിന്നാക്കക്കാരേയും മുന്നാക്കക്കാരേയും പരിഗണിച്ച് ആസുത്രണം ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.
മുന്നാക്കക്കാർക്ക് അവരുടെ ശേഷികളെ വികസിപ്പിക്കത്തക്ക രിതിയിൽ പ്രൊജക്റ്റ്, അസൈൻ മെന്റ്, ആസ്സ്വാദനക്കുറിപ്പ് എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ നൽകുമ്പോൾ പിന്നാക്കം നിൽകുന്നവർക്ക് പാഠഭാഗത്തിലെ ആശയം മുൻനിർത്തിയുള്ള ചിത്രരചന, ആൽബം നിർമാണം, പോസ്റ്റർ രചന എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളിലൂടെ പാഠഭാഗത്തിന്റെ ആശയങ്ങൾ എല്ലാവരിലും പൂർണ്ണമായി എത്തിക്കുവാനുള്ള പ്രവർത്തനമാണ് ഇതിലുടെ ലക്ഷ്യമിടുന്നത്.

## ദിനാചരണങ്ങൾ

വായന വാരം, സാഹിത്യകാരന്മാരുടെ ജന്മദിനങ്ങൾ ,സ്കൂൾ തലത്തിലെ മറ്റ് ദിനാചരനങ്ങൾ എന്നീ സന്ദർഭങ്ങൾ ഭാഷാപരമായ ശേഷികൾ ആർജ്ജിക്കുന്നതിനു കൂടി പ്രയോജനകരമാകത്തകവിധം പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന് ലക്ഷ്യമിടുന്നു. ദിനാചരണങ്ങളുടെ പ്രാധാന്യം വ്യക്തമാകുന്ന പ്രസംഗം , വിഷയത്തെ അധികരിച്ചുള്ള ഉപന്യാസരചന, പോസ്റ്റർ രചന, ആൽബം നിർമ്മാണം, പുസ്തകപരിചയം തുടങ്ങിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

## സർഗവേള

കുട്ടികളിലെ ഭാഷാപരമായ ശേഷികൾ പ്രകടിപ്പിക്കുന്നതിന്ന് സഹായിക്കുന്ന രീതിയിൽ സർഗവേള പീരിഡുകൾ ക്രമികരിക്കുന്നതിന് ലക്ഷ്യമിടുന്നു. സംവാദം,

കവിത ചൊല്ലൽ , കഥപറയൽ, പ്രസംഗം, മൂകാഭിനയം, മോണോ ആക്റ്റ്, എന്നിങ്ങനെ എല്ലാ കുട്ടികൾക്കും ഒരുപോലെ ഇടപെടാനുള്ള അവസരമായി സർഗവേള ഉപയോഗപ്പെടുത്തുവാൻ ലക്ഷ്യമിടുന്നു.

## ലൈബ്രറി

കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ നൽകിയും, ആസ്വാദനകുറിപ്പ് മത്സരങ്ങൾ സംഘടിപ്പിച്ചും, പുസ്തക പരിചയം, പുസ്തക പ്രദർശനം, പുസ്തക ചർച്ച, ജന്മദിന പുസ്തക സമ്മാനം, എന്നീ പ്രവർത്തനങ്ങളിലൂടെയും കുട്ടികളെ ലൈബ്രറിയുമായി കുടുതൽ അടുപ്പിച്ചുനിർത്തുവാനും അതുവഴി ഭാഷാ സാഹിത്യാഭിരുചി വളർത്തുവാനും ലക്ഷ്യമിടുന്നു.

## വിദ്യാരംഗം

വിദ്യാരംഗം കലാസാഹിത്യവേദി കുട്ടികളുടെ ഭാഷപരവും, കലാപരവുമായ കഴിവുകളെ വളർത്തിയെടുക്കുവാനുള്ള ഒരു വേദിയായി ഉപയോഗപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്നു. ക്യാമ്പുകൾ നടത്തിയും മത്സരങ്ങൾ സംഘടിപ്പിച്ചും, കലാമേളകൾ നടത്തിയും ഈ ഉദ്ദേശ്യം കൈവരിക്കുവാൻ ലക്ഷ്യമിടുന്നു.

## സാങ്കേതികവിദ്യാ പരിചയം

വിദ്യാഭ്യാസത്തിൽ സാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ അനുഭവിച്ചറിഞ്ഞ ഒരു കാലഘട്ടമാണ് കടന്നു പോയത് ഭാഷാപഠനത്തിൽ ഇത്തരം സാങ്കേതികവിദ്യകളെ ഉചിതമായി പ്രയോജനപ്പെടുത്തുന്നതിന് ഇതിലുടെ ലക്ഷ്യമിടുന്നു. സാഹിത്യ ബ്ലോഗുകൾ പരിചയപ്പെടുത്തിയും, പ്രസിദ്ധീകരണങ്ങളുടെ ഓൺലൈൻ എഡിഷൻ പരിചയപ്പെടുത്തിയും, നോവൽ, കവിത, കഥ

എന്നിങ്ങനെയുള്ള സാഹിത്യരൂപങ്ങളുടെ, ശബ്ദ-ദൃശ്യ ആവിഷ്കാരങ്ങൾ ഉൾക്കൊള്ളുന്ന വെബ്സൈറ്റുകൾ പരിചയപ്പെടുത്തിയും, വിക്കി പീഡിയ പോലുള്ള സംവിധാനങ്ങളിലെ സാധ്യതകൾ ഭാഷാ പഠനത്തിൽ എങ്ങനെ ഉപയോഗപ്പെടുത്താം എന്ന് പരിചയപ്പെടുത്തിയും സാങ്കേതിക വിദ്യയുടെ അനന്തമായ സാധ്യതകളുടെ ലോകം ഭാഷാ പഠനത്തിൽ ഉപയോഗപ്പെടുത്തുവാൻ കുട്ടികളെ സജ്ജരാക്കുന്നതിന് ലക്ഷ്യമിടുന്നു.

## ശില്പശാല/പ്രഭാഷണം

വിവിധ രംഗങ്ങളിലെ പ്രഗത്ഭരെ ഉൾപ്പെടുത്തികൊണ്ടുള്ള പ്രഭാഷണം, ശില്പശാലാ എന്നിവ സംഘടിപ്പിച്ച് കുട്ടികൾക്ക് കൂടുതൽ വ്യത്യസ്തമായ അനുഭവങ്ങൾ പകർത്തു നൽകി ഭാഷാ പഠനം കൂടുതൽ ആസ്വാദ്യകരമാക്കുന്നതിനുള്ള പ്രവർത്തനം ഇതിലൂടെ ലക്ഷ്യമിടുന്നു.

## പരിമിതികൾ

ക്ലാസ് സമയം കഴിഞ്ഞുള്ള പ്രവർത്തനങ്ങൾ കുട്ടികളുടെ വീട്ടിൽ നിന്ന് സ്കൂളിലേയ്ക്കുള്ള യാത്രാദുരം പരിഗണിക്കുമ്പോൾ നടപ്പിലാക്കുന്നതിന് പരിമിതിയുണ്ട്. സ്കൂളിലെ ക്ലാസ് മുറികളുടക്കമുള്ള സൗകര്യങ്ങളിലെ അപര്യാപ്തത പരിമിതിയായി നിലനിൽക്കുന്നുണ്ട്. പല പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിന് രക്ഷിതാക്കളടക്കമുള്ളവരുടെ പിന്തുണ ആവശ്യമാണ്. പി.ടി.എ. യോഗങ്ങളിലെ രക്ഷിതാക്കളുടെ ശുഷ്കമായ സാന്നിധ്യം പരിമിതിയായി നിലനിൽക്കുന്നു. ലൈബ്രറി സംവിധാനത്തിന് പ്രത്യേകം മുറിയടക്കമുള്ള സംവിധാനമില്ല എന്നുള്ളത് വലിയ വെല്ലുവിളിയായി നിലനിൽക്കുന്നു. പല പദ്ധതികളും നടപ്പിലാക്കുന്നതിന് സാമ്പത്തികമായ പിന്തുണ ഏറെ ആവശ്യമാണ്. വളരെ പിന്നാക്കം നിൽക്കുന്ന പ്രദേശമായതു കൊണ്ടു തന്നെ സാമ്പത്തിക ലക്ഷ്യങ്ങൾ പുർത്തീകരിക്കുക വെല്ലു വിളിയാണ്.

## ഉപസംഹാരം

ഭാഷ യാന്ത്രികമായി ആർജ്ജിക്കേണ്ട ഒന്നല്ല എന്നും അത് സ്വാഭാവികമായി ഉള്ളിൽ അലിഞ്ഞു ചേരേണ്ട ഒന്നാണ് എന്നും ഉള്ള ആശയം ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു ലക്ഷ്യമാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടത് . എറെ വെല്ലുവിളികൾ നിറഞ്ഞ ജീവിതസാഹചര്യങ്ങളെ നേരിട്ട് പഠനമെന്ന സ്വപ്നം സാക്ഷാത്കരിക്കുവാൻ ഈ
വിദ്യാലയത്തിലെത്തുന്ന കുട്ടികളെ ഭാഷയുടെ മായിക ലോകത്തേയ്ക്ക് നയിക്കാൻ ഈ പ്രവർത്തനങ്ങൾക്ക് കഴിയും എന്ന ഉത്തമ വിശ്വാസത്തോടെ ഈ അക്കാദമിക രൂപരേഖ ഇവിടെ ചുരുക്കുന്നു.

## സംക്ഷിപ്തം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ സമയ ബന്ധിതമായി ഓരോ കുട്ടിയിലും ഊന്നി, പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികളെക്കൂടി ഉൾകൊള്ളിച്ച് വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം (ഗണിത ക്ലബ്ബ്, സയൻസ് ക്ലബ്ബ്, കാർഷിക ക്ലബ്ബ്, ജൈവ വൈവിധ്യ ക്ലബ്ബ്, നേച്ചർ ക്ലബ്ബ്) കാര്യക്ഷമമായി ഒത്തൊരുമയോടെയുള്ള പ്രവർത്തനത്തിലൂടെ ഞങ്ങളുടെ സ്കൂളിനെ മികവിന്റെ കേദാരമാക്കി മാറ്റുക. അതുവഴി നാടിനും സാമൂഹത്തിനും സമുന്നതരായ ഒരു ഭാവിയെ വാർത്തെടുക്കുക ഇതാണ് ആത്യന്തിക ലക്ഷ്യം. സാമ്പത്തിക സഹായത്തിനായി പി.ടി.എ, എം.പി.ടി.എ, എസ്. എം. സി, സന്നദ്ധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരെ ഭാഗമാക്കുക, സ്കുളിനെ ഹൈടെക്ക് നിലവാരത്തിലേക്ക് ഉയർത്തുക. ഇതുവഴി കുട്ടികളുടെ സർവ്വതോന്മുഖമായ വികസനം ഉറപ്പാക്കും.

**"തമസോമാ ജ്യോതിർഗമയ**
**മൃത്യോമ അമൃതം ഗമയ"**

| ക്രമ നമ്പർ | പ്രവർത്തനം | നിർവഹണ കാലഘട്ടം | സാമ്പത്തികം |
|---|---|---|---|
| 1 | ലൈബ്രറി സജ്ജീകരണം | ജൂൺ | |
| 2 | ദിനാചരണങ്ങൾ | ജൂൺ- മാർച്ച് | |
| 3 | പ്രസ്ഥാനങ്ങൾ മാസങ്ങളിലൂടെ | ജൂലൈ - മാർച്ച് | |
| 4 | തെളി മലയാളം | ജൂലൈ | |
| 5 | കുട്ടികളെ കണ്ടെത്തൽ | ജൂലൈ | |
| 6 | പരിശീലനം പദതലം | ഓഗസ്റ്റ് | |
| 7 | പരിശീലനം വാക്യതലം | സെപ്തംബർ | |
| 8 | പരിശീലനം ആസ്വാദ്യതലം | ഒക്ടോബർ - നവംബർ | |
| 9 | പരിശീലനം രചനതലം | ഡിസംബർ- ജനുവരി | |
| 10 | ആമുഖ കുറിപ്പ് | നവംബർ | |

| | | | |
|---|---|---|---|
| 11 | മൊഴിച്ചന്തം | ജൂൺ- ഫെബ്രുവരി | |
| 12 | വാർത്തകൾ/ വർത്തമാനങ്ങൾ | ജൂൺ- ഫെബ്രുവരി | |
| 13 | എഴുത്തുപെട്ടി | ജൂൺ- ഫെബ്രുവരി | |
| 14 | സ്കൂൾ- ക്ലാസ് മാഗസിൻ | ഫെബ്രുവരി - മാർച്ച് | |
| 15 | ശില്പശാല / പ്രഭാഷണം | ഓഗസ്റ് - ഡിസംബർ, ഫെബ്രുവരി | |
| 16 | വിദ്യാരംഗം | ജൂലൈ- മാർച്ച് | |





# தமிழ்

நோக்கம்

*" வீறுடை செம்மொழி தமிழ்மொழி–உலகம் வேருன்றிய நாள்முதல் உயிர்மொழி "*

என்று செம்மொழியின் பெருமையை பறைசாற்றும் விதமாக தமிழ்மொழயின் தனித்தன்மைகளை பள்ளியிலும், சமூகத்திலும், வீட்டிலும் தாய்மொழிப்பற்றை ஏற்படுத்தி ஆர்வந்தோடு கற்றல் இலக்குகளையும் பெறுவதற்கான செயல்பாடுகளை செயல்படுத்தல்.

கற்றல் இலக்குகள்

- மாணவனின் அறிவும், திறனும், புலமையும் படிப்படியாக வளர்த்தல்
- பிழையின்றி பேசவும், எழுதவும் வாக்கியங்களை உருவாக்கவும் செய்தல்
- மாணவர்களின் பன்முக வளர்ச்சி
- மொழியின் சிறப்புக்களை அறிந்துகொள்ள பல மொழி வெளியீட்டு வடிவங்களை தயார் செய்யும்,படைப்புகளை உருவாக்கல்
- அனுபவக் குறிப்பு வாயிலாக மாணவனின் திறனை வளர்த்தல்
- பயம், மனதைட் தாக்கும் சூழல் போன்றவற்றிலிருந்து விடுவித்து சுதந்திரமாக கருத்தை வெளியிடல்
- தமிழ்மொழியின் புலமைபெற்ற கவிஞர்கள், அறிஞர்கள் போன்றோர்களின் படைப்புகளை வாசிக்கவும் அவர்களைப் பற்றிய நூலடைவுகளை தயார் செய்தல் தகவல் தொழில் நுட்பத்தை பயன்படுத்தி மொழிப் பாடத்தை வளர்த்தல்

மொழி வெளியீட்டு வடிவங்கள்

கருத்துக்களை படைப்புகளாக வெளியிடுதல் பாடல்கள்,கட்டுரை,ஒப்புவித்தல், உரையாடல்கள், கடிதம் கதை,கவிதை, தலையங்கம், நயம், பாராட்டுதல் கடினச்சொற்களுக்கு பொருள்

| தொடர் எண் | செயல்வரிசை | காலம் | நிதி |
|---|---|---|---|
| 1 | வாசிப்பு பயிற்சி<br>வாசித்து வளரவும் சிந்தித்து அறிவு பெறவும் மாணவனின் எதிர்கால வசந்தகாலமாக மாற்ற வாய்ப்புக்களை உருவாக்கல். குறில்,நெடில் வேறுபாடுகளை உணர்ந்தும் சீர் பிரித்தும் கற்றல் குரல் ஏற்றத்தாழ்வுடன் வாசிக்க செய்தல் | ஜூன்- மார்ச் | |
| 2 | எழுத்துப் பயிற்சி<br>மாணவனின் கையெழுத்துப்பயிற்சியை மேம்படுத்தவும் எழுத்துப் பிழைகளை பிரச்சனைகளை அகற்றவும் தன் விபரப்பட்டியல் அடிப்படையி வாழ்க்கை குறிப்பு தயார் செய்தலும், தங்கள் பகுதியிலுள்ள அதிகாரிகளுக்கு தெரிவிக்கும் பொருட்டு கடிதம் தயாரிக்கும் செயல்பாடு கட்டுரை கவிதை தலையங்கம் கதை செயல்பாடுகளை செய்வித்தல் | ஜூன்- மார்ச் | |
| 3 | நூலகச் செயல்பாடு<br>மாணவர்களின் நற்பண்புகளை வளர்க்கும் தமாக நூலகத்தை பயன்படுத்தியும்ம் ஆர்வத்தை தூண்டும் விதமாக அமைதல். செய்யுள் திருக்குறள் ஒப்புவித்தல் நூலடைவு தயாரித்தல் புத்தகங்களை அறிமுகப்படுத்தல் | ஜூன்- மார்ச் | |

| | | | |
|---|---|---|---|
| 4 | வித்யாரங்க கலைவிழா<br>மொழிப் மாணவனுடைய திறமையையும் பற்றையும் வளர்க்கும் கலை நிகழ்ச்சி வாயிலாக படிப்படியாக வளரச் செய்ய பலவித போட்டிகள், கலை நிகழ்ச்சிகள் மூலமாகவும் நோக்கத்தை அடைய முயற்சி செய்தல் | ஜூன்- பிப்ரவரி | |
| 5 | தமிழ்ப் படைப்பாளர்கள், அற்ஞர்களின் பிறந்த நாள் மற்றும் தினக் கொண்டாட்டங்கள் வாயிலாகவும் வளரச்செய்தல் | ஜூன்- பிப்ரவரி | |
| 6 | வித்யாரங்க கலைவிழா<br>மொழிப் மாணவனுடைய திறமையையும் பற்றையும் வளர்க்கும் கலை நிகழ்ச்சி வாயிலாக படிப்படியாக வளரச் செய்ய பலவித போட்டிகள், கலை நிகழ்ச்சிகள் மூலமாகவும் நோக்கத்தை அடைய முயற்சி செய்தல் தமிழ்ப் படைப்பாளர்கள், அற்ஞர்களின் பிறந்த நாள் மற்றும் தினக் கொண்டாட்டங்கள் வாயிலாகவும் வளரச்செய்தல் | ஜூன்- டிசம்பர் | |
| 7 | தகவல் தொழில் நுட்பம்<br>ஊடகங்கள் வாயிலாகவும் இணையதளம் வாயிலாகவும் தகவல்களை திரட்ட தமிழ் மின்னியல் நூலகம் வலைப்பூக்களை அறிமுகம் செய்தல்<br>www.tamilvu.org<br>www.ta.wikibooks.org | ஜூன் - மார்ச் | |




# ENGLISH

## AIMS AND OBJECTIVES

- Providing ample surrounding to develop listening, speaking, reading and writing skills
- providing chances to construal various types of discourses.
- Providing chances to find out meanings of unfamiliar words with the help of a dictionary
- Mold the learner to interact with public without stage fear
- Encourage and motivate the learner to are English language
- Enhance word knowledge by solving cross word puzzles
- Read individually for information and pleasure

| Sl No | Activities | Duration | Finance |
|---|---|---|---|
| 1 | English In English Class | June- March | |
| 2 | English Language Lab | June- March | |
| 3 | Audio- Visual Experiences | June- March | |
| 4 | Teacher Talk after class Hours | June- March | |
| 5 | English Language Assembly In regular intervals | June- March | |
| 6 | Role play in classroom | June- March | |
| 7 | Readers Theatre choreography | June- March | |
| 8 | Notice and poster preparation | June- March | |
| 9 | Book review | June- March | |
| 10 | Making wall magazines, pictures, charts | June- March | |
| 11 | Wall game | June- March | |




## പൊതുവായ ലക്ഷ്യങ്ങൾ

മേഖല : HS അക്കാദമികം

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.
- ഭിന്നശേഷി കുട്ടിഖൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തനം | നിർവഹണ കാലഘട്ടം | സാമ്പത്തികം |
|---|---|---|---|
| 1 | <u>എട്ടാം തരം</u><br><br>അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു<br>• അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു.<br>• അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br>• ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br>• അക്ഷരങ്ങൾ എഴുതാനും ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു.<br>• വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | ജൂൺ-ജൂലൈ | |
| 2 | ആഴ്ചയുടെ പേരുകൾ ,എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തു<br>ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു.<br>വർക്ക് ഷീറ്റുകൾ നൽകുന്നു.<br>ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | ഓഗസ്റ്റ് -സെപ്തംബർ | |
| 3 | ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br>• വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു<br>• കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു.<br>• കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ | ഡിസംബർ<br>ജനുവരി | |

| | | | |
|---|---|---|---|
| | നൽകുന്നു.<br>• ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | | |
| 1 | ഒമ്പതാംതരം<br><br>ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു.<br>പ്രവർത്തനങ്ങൾ വർക്ക് ഷീറ്റുകൾ നൽകുന്നു.<br>ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കു<br>വാൻ നൽകുന്നു. | ജൂൺ-ജൂലൈ | |
| 2 | • നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു<br>• സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുന്നു. വാക്യഘടന പരിചയപ്പെത്തുവാൻ പറയുന്നു.<br>• കവിത, കഥ പുരിപ്പിക്കുവാൻ നൽകുന്നു.<br>• ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു.<br>• സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | ഓഗസ്റ്റ് - സെപ്റ്റംബർ | |
| 3 | പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു<br>പോസ്റ്ററിന്റെ മോഡൽ നൽകുന്നു.<br>വിവിധ വിഷയങ്ങൾ നൽകുന്നു.<br>ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ | ഡിസംബർ-നവംബർ | |

| | | | |
|---|---|---|---|
| | നിർണ്ണയം നടത്തുന്നു. | | |
| 1 | <u>പത്താംതരം</u><br><br>കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | ജൂൺ- ജൂലൈ | |
| 2 | സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു.<br>കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | ഓഗസ്റ്റ് സെപ്റ്റംബർ | |
| 3 | • ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു.<br>• നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. ✓<br>• പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | സെപ്റ്റംബർ ഒക്ടോബർ | |
| 4 | • കഥയെ തിരക്കഥയായി മാറ്റുവാനാറിയുന്നു. പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു.<br>• സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനാറിയുന്നു.<br>• ഡയറി എഴുതുവാനറിയുന്നു.<br>• കഥാപാത്രങ്ങളെ | നവംബർ ജനുവരി | |

| | | | |
|---|---|---|---|
| | ആസ്പദമാക്കി, ചരിത്രകുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.<br>• എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | | |
| 1 | മേഖല യു.പി. ഹിന്ദി<br><br>• 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.<br>• ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക.<br>• പഠിപ്പിച്ചെടുക്കുക.<br>• പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും.<br>• ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ- ജൂലൈ | |
| 2 | ഹിന്ദി വായന:<br>• തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും.<br>• നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ഓഗസ്റ്റ് സെപ്റ്റംബർ | |
| 3 | ഹിന്ദി സംസാരം:<br>• ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും | നവംബർ ജനുവരി | |

| | | | |
|---|---|---|---|
| | • നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും.<br>• ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസിൽ കൊണ്ടുവരും.<br><br><u>വായനയ്ക്ക്.</u><br>• ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br><br><u>Readery fight</u><br>• മത്സരവായന തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | | |



# സാമൂഹ്യശാസ്ത്രം

## സാമൂഹ്യശാസ്ത്ര പഠന ലക്ഷ്യങ്ങൾ:-

- സാമുഹ്യ ശാസ്ത്ര പഠനം എളുപ്പമാക്കുക
- സാമുഹിക മുല്യങ്ങൾ വളർത്തുക
- പ്രാദേശീക ചരിത്രാവബോധം വളർത്തുക
- പ്രകൃതി വിഭവങ്ങളെ കുറിച്ച് കുടുതൽ മനസ്സിലാക്കുക
- പൈതൃക സമ്പത്തിനെ കുറിച്ച് ബോധവാന്മാരാക്കുക
- പൊതു വിജ്ഞാന സമ്പാദനത്തിന് ഊന്നൽ നൽകുന്ന പ്രവർത്തനങ്ങളിൽ പങ്കാളിയാകുവാൻ കുട്ടികളെ പ്രാപ്തരാക്കുക
- ഭൂപട നിർമ്മാണത്തിനും അർത്ഥപൂർണ്ണമായ ഭൂപടവായനക്കും പ്രാപ്തനാക്കുക
- പഠനയാത്രകൾ സംഘടിപ്പിച്ച് ചരിത്രപഠനം കാര്യക്ഷമമാക്കുക
- ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണെന്ന അവബോധം വളർത്തുക
- സാമുഹിക ആശയങ്ങൾ ഉൾക്കൊണ്ട് നല്ല പൗരന്മാരായി വളരുക
- നേതൃത്വ പാടവം വളർത്തുക.

| ക്രമ നമ്പർ | പ്രവർത്തനം | നിർവഹണ കാലഘട്ടം | സാമ്പത്തികം |
|---|---|---|---|
| 1 | ചരിത്ര പ്രധാനമായ സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത കുട്ടികളെ കേന്ദ്രീകരിച്ചു പ്രത്യേക മോഡ്യൂൾ തയ്യാറാക്കി പ്രത്യേക പഠന യാത്രകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിലെ നിശ്ചയിച്ച തീയതികളിൽ | |
| 2 | സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ് , പൗരബോധം, സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷത്തിലെപ്രത്യേകം തിരഞ്ഞെടുത്ത ദിവസങ്ങളിൽ | |
| 3 | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശകാഴ്ചകൾ കൗതുകം ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നു. | ജൂൺ- ഫെബ്രുവരി | |
| 4 | ഭൂപടങ്ങൾ - ഗ്ലോബ് നിരീക്ഷണം , അക്ഷാംശ രേഖാംശങ്ങൾ നിരീക്ഷിച്ചു കാലാവസ്ഥ സമയ മേഖലകൾ പട്ടികപ്പെടുത്തുന്നു. ഭൂപടത്തിലെ തോതുകൾ, നിറങ്ങൾ, ചിഹ്നങ്ങൾ, എന്നിവ ഉൾക്കൊള്ളിച്ചു ഭൂപടങ്ങൾ തയ്യാറാക്കൽ, അറ്റ്ലസ്, മാപ്പ്, ഗ്ലോബ്, എന്നിവ പരിചയപ്പെടുത്തൽ , ഭൂപട പ്രദർശനം | ജൂൺ- ഫെബ്രുവരി | |
| 5 | ഹിസ്റ്റോറിക്കൽ ഫിലിം ഫെസ്റ്റിവൽ - ചരിത്ര സിനിമകളുടെ പ്രദർശനം<br>സാമൂഹ്യ ശാസ്ത്ര ക്വിസ്<br>പ്രധാന ദിനാചരണങ്ങൾ<br>ഭൂപട പ്രദർശനം | ജൂൺ- ഫെബ്രുവരി | |

| | | | |
|---|---|---|---|
| 6 | സെമിനാര്, പ്രൊജക്റ്റ്, ജൈവകൃഷി പ്രോത്സാഹനം, പാരിസ്ഥിതിക നിയമങ്ങളെ കാണിക്കുന്ന ചാർട്ട് തയ്യാറാക്കൽ | ജൂലൈ - മാർച്ച് | |
| 7 | ഓർമ്മച്ചെപ്പ് - അന്തർദേശിയ തലങ്ങളിൽ മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, രാജ്യങ്ങൾ, തലസ്ഥാനങ്ങൾ, ചരിത്ര സ്മാരകങ്ങൾ എന്നിവ ഐസിറ്റി സഹായത്തോടെ കാണിച്ചു മെമ്മറി ടെസ്റ്റ് നടത്തുന്നു | ജൂൺ, ജൂലൈ, ഓഗസ്റ്റ് | |
| 8 | പ്രാദേശിക ചരിത്രം മനസ്സിലാക്കുന്നതിനായി മുതിർന്നവരോട് സംവദിച്ചു സ്ഥലചരിത്രം തയ്യാറാക്കാൻ പ്രോത്സാഹിപ്പിക്കുന്നു . | ജൂലൈ - മാർച്ച് | |
| 9 | VIRTUAL FIELD TRIP<br>ICT സാധ്യതകളുടെ സഹായത്തോടെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ കാണിച്ചു അവർക്കു ചരിത്രാവബോധം നൽകുന്നു. | ജൂൺ, ജൂലൈ, ഓഗസ്റ്റ് | |
| 10 | വിദ്യാലയത്തിൽ നിന്നും അരങ്ങത്തേക്ക് ഗ്രാമസഭയിൽ രക്ഷിതാക്കളോടൊപ്പം പങ്കെടുത്തു ജനാധിപത്യ രീതികൾ തിരിച്ചറിയുന്നു | സെപ്തംബർ - ഒക്ടോബർ | |
| 11 | പ്രകൃതി ദുരന്തങ്ങളെ നേരിടാം -<br>അഗ്നി ശമന സേനയുടെ ക്ലാസുകൾ സംഘടിപ്പിക്കുന്നു (WITH DEMONSTRATION ) | ജൂൺ, ജൂലൈ, ഓഗസ്റ്റ് | |
| 12 | ബി എ ഗ്രീൻ ചാമ്പ്യൻ - മുൻവർഷം ഉപയോഗിച്ച നല്ല വസ്തുക്കൾ ( ബാഗ്, പുസ്തകങ്ങൾ, ജ്യോമട്രി ബോക്സ്, ETC) ആവശ്യമുള്ളവർക്ക് നൽകുന്നതിനുള്ള പ്രേരണ കുട്ടികൾക്ക് നൽകുന്നു. (ബഹു ഇടുക്കി കളക്ടർ വിഭാവനം ചെയ്ത ആശയം) | ജൂൺ, ജൂലൈ, ഓഗസ്റ്റ് | |
| 13 | കൈമണി -കുട്ടികളിൽ സമ്പാദ്യശീലം വളർത്താൻ പ്രോത്സാഹിപ്പിക്കുന്നു . | ജൂലൈ - മാർച്ച് | |

| | | | |
|---|---|---|---|
| | അങ്ങനെ ശേഖരിക്കുന്ന തുക സമൂഹത്തിൽ സഹായം ആവശ്യമുള്ളവർക്ക് നല്കാൻ പ്രോത്സാഹിപ്പിക്കുന്നു. | | |
| 14 | റോഡ് സുരക്ഷ - ട്രാഫിക് നിയമങ്ങളുമായി ബന്ധപ്പെട്ടും റോഡ് സുരക്ഷയെക്കുറിച്ചും പോലീസ് സേനയുടെ സഹായത്തോടെ ക്ലാസുകൾ സംഘടിപ്പിക്കുന്നു | ജൂൺ, ജൂലൈ, ഓഗസ്റ്റ് | |
| 15 | സൈബർ സുരക്ഷാ -സുരക്ഷിതമായ സമൂഹമാധ്യമ ഉപയോഗം എന്നിവയെ കുറിച്ച് പോലീസ് സേനയുടെ സഹായത്തോടെ ക്ലാസ് സംഘടിപ്പിച്ചു വിദ്യാർത്ഥികൾക്ക് വേണ്ട അവബോധം നൽകുന്നു . | ജൂൺ, ജൂലൈ, ഓഗസ്റ്റ് | |
| 16 | SAY NO TO DRUGS - ലഹരി ഉപയോഗത്തിനെതിരെ വിമുക്തി യുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ് നടത്തുന്നു. | ജൂൺ, ജൂലൈ, ഓഗസ്റ്റ് | |
| 17 | BEAT PLASTIC POLLUTION - പ്ലാസ്റ്റിക് ഉപയോഗത്തിന്റെ ദൂഷ്യ വശങ്ങൾ ഉൾകൊള്ളിച്ചു ഹെൽത്ത് ഡിപ്പാർട്മെന്റിന്റെ സഹായത്തോടെ ബോധവൽക്കരണം നടത്തുന്നു. സാമൂഹ്യശാസ്ത്ര ക്ലബ്, ഇക്കോ ക്ലബ് എന്നിവ സംയുക്തമായി മാസം തോറും സ്കൂൾ പരിസരത്തെ പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുകയും അത് ഹരിത കർമ്മ സേനക്ക് നൽകുകയും ചെയ്യുന്നു. | ജൂൺ, ജൂലൈ, ഓഗസ്റ്റ് | |
| 18 | കാടെവിടെ മക്കളെ - ഫോറെസ്റ്റ് ഡിപ്പാർട്മെന്റിന്റെ സഹായത്തോടെ വനമേഖലയിലേക്ക് ഒരു ഫീൽഡ് ട്രിപ്പ് നടത്തുന്നു. റിപ്പോർട്ട് തയ്യാറാക്കുന്നു | അക്കാദമിക വർഷത്തിലെപ്ര ത്യേകം തിരഞ്ഞെടുത്ത ദിവസങ്ങളിൽ | |

| | | | |
|---|---|---|---|
| 19 | സ്റ്റെല്ലേറിയം സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കുട്ടികൾക്ക് നക്ഷത്രങ്ങളും ഗ്രഹങ്ങളും പരിചയപ്പെടുത്തുന്നു. | സെപ്തംബർ - ഒക്ടോബർ | |
| 20 | ഗൂഗിൾമാപ് സാങ്കേതിക വിദ്യ ഉപയോഗിച്ച് സ്കൂൾ , അനുബന്ധ പരിസരങ്ങൾ, മറ്റു പ്രധാന പെട്ട സ്ഥലങ്ങൾ എന്നിവയൊക്കെ കുട്ടികൾക്ക് മുന്നിൽ കാണിക്കുന്നു. | സെപ്തംബർ - ഒക്ടോബർ | |
| 21 | ഭാവിയിലേക്ക്-സാമൂഹ്യ ശാസ്ത്രത്തിൽ പഠിതാക്കളെ മത്സര പരീക്ഷകളിൽ പങ്കെടുക്കക്കുന്നതിനു പ്രാപ്തരാക്കുന്നു. അതിനായി പ്രത്യേക ജികെ പരിശീലനം നൽകുന്നു. (LSS,USS കോച്ചിങ്) | ജൂലൈ - മാർച്ച് | |
| 22 | സാമൂഹ്യ ശാസ്ത്ര  ക്ലബ്<br>സാമൂഹ്യ ശാസ്ത്ര  ക്ലബ് രൂപീകരണം വഴി കുട്ടികൾക്ക് സാമൂഹ്യ ശാസ്ത്രത്തിൽ താല്പര്യമുളവാക്കുന്നു. നിലവിലെ അംഗങ്ങളെ ഉൾപ്പെടുത്തിയും പുതിയ അംഗങ്ങളെ ചേർത്തും പുതിയ ഭാരവാഹികളെ  തിരഞ്ഞെടുക്കുന്നു . ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ദിനാചരണങ്ങളുടെ ഭാഗമായി വിവിധ ക്വിസ് മത്സരങ്ങൾ , പോസ്റ്റർ രചന, ചിത്ര രചന, പെൻസിൽ ഡ്രോയിങ്, ഉപന്യാസ മത്സരം, പ്രസംഗ മത്സരം എന്നിവ സംഘടിപ്പിക്കുന്നു | ജൂലൈ - മാർച്ച് | |
| 23 | അനുരൂപീകരണം<br>പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. അവർക്കും മറ്റുള്ളവരെ പോലെ വിദ്യാഭ്യാസം നേടാൻ അവകാശമുണ്ട്. അവർക്കായി അവരുടെ ശേഷികൾക്കനുസൃതമായി ചില പ്രവർത്തനങ്ങൾ നൽക്കുന്നു<br>• മഹാന്മാരുടെ ചിത്രങ്ങൾ കാണിച്ചു അവരെ കുറിച്ചു പറഞ്ഞു | തുടർ പ്രവർത്തനം | |

| | | | |
|---|---|---|---|
| | കൊടുക്കുന്നു.<br>• സ്ഥലങ്ങൾ, സ്മാരകങ്ങൾ എന്നിവയുടെ ചിത്രം കാണിച്ചു അവരോടു കാര്യങ്ങൾ വിശദീകരിച്ചു നൽകുന്നു.<br>• ട്രാഫിക് സിഗ്നൽ ചിത്രങ്ങൾ കാണിച്ചു റോഡ് സുരക്ഷയെക്കുറിച്ചു ബോധം നൽകുന്നു.<br>• ചൂഷണങ്ങൾക്കെതിരെ പ്രതികരിക്കാൻ പരിശീലിപ്പിക്കുന്നു.<br>• പഠനപ്രവർത്തങ്ങളിൽ അവരുടെ കൂടെ പങ്കാളിത്തം ഉറപ്പിക്കുന്നു<br>• മാലിന്യ നിർമ്മാർജ്ജനത്തെ കുറിച്ചുള്ള അവബോധം ഉണർത്തുന്ന പ്രവർത്തികൾ പരിശീലിപ്പിക്കുന്നു.<br>• മറ്റു കുട്ടികൾക്കൊപ്പം ICT സഹായത്തോടെ അവർക്കു സാമൂഹ്യ ശാസ്ത്രത്തിൽ താല്പര്യം ഉണ്ടാകാവുന്ന തരത്തിലുള്ള വീഡിയോ, കാർട്ടൂൺ, ചിത്രങ്ങൾ, പോസ്റ്റർ, റീൽസ് എന്നിവ കാണിക്കുന്നു | | |
| 24 | സാമൂഹ്യ ശാസ്ത്രവും തൊഴിലും എന്ന വിഭാഗത്തിൽ അനുരൂപണം ആവശ്യമുള്ള കുട്ടികളെ കൂടി ഉൾകൊള്ളിച്ചു കൊണ്ട് ക്രാഫ്റ്റ് നിർമാണം, തുണികളിൽ ചായം മുക്കൽ, തുണികളിൽ ചിത്രങ്ങൾ വരയ്ക്കുന്നത്തിനുള്ള പരിശീലനം പോലുള്ളവ നൽകുന്നു | തുടർ പ്രവർത്തനം | |



# അടിസ്ഥാനശാസ്ത്രം

## ശാസ്ത്രപഠനം - ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികൾക്കും ശാസ്ത്രപരീക്ഷണങ്ങൾ ചെയ്യാനും അവ ഫലപ്രദമായ രീതിയിൽ പ്രയോഗിക്കാനുമുള്ള അവസരങ്ങൾ

2. ശാസ്ത്ര ദിനാചരണങ്ങൾക്ക് പ്രത്യേക ഊർജ്ജം നൽകുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

3. ശാസ്ത്ര വിഷയങ്ങളിൽ താല്പര്യം ജനിപ്പിക്കുന്നതിന് ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും ശാസ്ത്രവേളകൾ സംഘടിപ്പിക്കുന്നു.

4. ഉർജ്ജസംരക്ഷണത്തിന്റെ ആവശ്യകത കുട്ടികളിലേക്ക് എത്തിക്കുന്നതിനും അത് സമുഹത്തിന് പ്രയോജനകരമാക്കുന്ന വിധത്തിൽ പ്രാവർത്തികമാക്കുന്നതിനുള്ള വിവിധ പദ്ധതികൾ

5. ശുചിത്വം, ആരോഗ്യം എന്നിവയുടെ ആവശ്യകതയിലേക്കുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ

6. ലഹരി വിമുക്ത കാമ്പസ്, പ്ലാസ്റ്റിക് വിമുക്ത കാമ്പസ് എന്നിവ യാഥാർത്ഥ്യ മാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

7. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് തുല്യപരിഗണന ഉറപ്പാക്കുന്നതിനുള്ള പദ്ധതികളുടെ ആസൂത്രണം.

| ക്രമ നമ്പർ | പ്രവർത്തനം | നിർവഹണ കാലഘട്ടം | സാമ്പത്തികം |
|---|---|---|---|
| 1 | ലാബ് ശാക്തീകരണം -<br>നിലവിലുള്ള പരീക്ഷണ ശാലയിൽ ആവശ്യമായ മാറ്റം വരുത്തി പ്രവർത്തന സജ്ജമാക്കുന്നു. ഓരോ പാഠഭാഗത്ത് നിന്നുമുള്ള പരീക്ഷണങ്ങൾക്ക് നേതൃത്വം നല്കുന്നതിന് കുട്ടികൾക്ക് പരിശീലനം നൽകുന്നു. | ജൂൺ-ഫെബ്രുവരി | |
| 2 | ശാസ്ത്ര ദിനാചരണങ്ങൾ -<br>ശാസ്ത്രദിന കലണ്ടർ നിർമ്മാണം, ശാസ്ത്രദിന മൂലകൾ, ശാസ്ത്രജ്ഞന്മാരുടെ ജന്മദിനം ആചരിക്കൽ | ജൂൺ-ഫെബ്രുവരി | |
| 3 | ഊർജ്ജ സംരക്ഷണം<br>പോസ്റ്ററുകൾ, ഊർജസംരക്ഷണത്തിന്റെ ആവശ്യകത വ്യക്തമാക്കുന്ന വീഡിയോ പ്രദർശനം, അധികൃതരുടെ ക്ലാസുകൾ | ജൂൺ-ഫെബ്രുവരി | |
| 4 | ശുചിത്വ ആരോഗ്യ ബോധവൽക്കരണം -<br>പോസ്റ്റർ നിർമാണം, ബോധവത്ക്കരണ ക്ലാസുകൾ | ജൂൺ-ഫെബ്രുവരി | |
| 5 | ലഹരി വിമുക്ത വിദ്യാലയം-<br>പോസ്റ്റർ നിർമാണം, വാർത്താക്കുറിപ്പുകൾ തയ്യാറാക്കൽ, ബോധവൽക്കരണ ക്ലാസുകൾ | ജൂൺ-ഫെബ്രുവരി | |
| 6 | ശാസ്ത്ര ലൈബ്രറി -<br>ശാസ്ത്ര സംബന്ധമായ അറിവുകളുടെ നിർമാണം, ക്രോഡീകരിക്കൽ, എഡിറ്റിംഗ്, ചിത്രരചന | ജൂൺ-ഫെബ്രുവരി | |
| 7 | ശാസ്ത്ര മേളകൾ<br>ക്ലാസ് തലത്തിലും, സ്കൂൾ തലത്തിലും ശാസ്ത്രമേളകൾ സംഘടിപ്പിക്കുന്നു, വിദ്യാർത്ഥികൾക്ക് കാണാനുള്ള അവസരം നൽകൾ | ജൂൺ-ഫെബ്രുവരി | |

| | | | |
|---|---|---|---|
| 8 | ലഘു പരീക്ഷണ മൂലകൾ -<br>ഒരോ ക്ലാസിലും പ്രത്യേകം തയ്യാറാക്കുന്ന പരീക്ഷണ മുലകൾ, അപകടരഹിതമായി ഉപകരണങ്ങൾ സജ്ജികരിക്കാനുള്ള സംവിധാനം | ജൂൺ-<br>ഫെബ്രുവരി | |
| 9 | നിശാഗന്ധി-<br>ജൈവ വൈവിധ്യ പാർക്ക്<br>, പച്ചക്കറിത്തോട്ടം എന്നിവ ഉൾകൊള്ളിച്ചു കൊണ്ടുള്ള ജൈവ വൈവിധ്യ പാർക്ക് നിർമാണം | ജൂൺ-<br>ഫെബ്രുവരി | |
| 10 | കണ്ടറിയാനൊരു യാത്ര<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ , ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാട് സന്ദർശനം | ജൂൺ-<br>ഫെബ്രുവരി | |
| 11 | പരീക്ഷണ കളരി<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു<br>പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു<br>പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു | ജൂൺ-<br>ഫെബ്രുവരി | |
| 12 | ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസ്സിലും നിർമ്മിക്കുന്നു. (പോസ്റ്റർ, കൊളാഷ്, ചിത്രങ്ങൾ, ഒറിഗാമി) | ജൂൺ-<br>ഫെബ്രുവരി | |
| 13 | മുഖാമുഖം<br>ശാസ്ത്ര മേഖലയിലെ പ്രമുഖ വ്യക്തികളെ മുഖാമുഖം കാണുന്നു - തേനീച്ച വളർത്തൽ കർഷകനെ നേരിൽ കണ്ടു അഭിമുഖം തയ്യാറാക്കുന്നു | ജൂൺ-<br>ഫെബ്രുവരി | |
| 14 | വിസ്മയ യാത്ര<br>ICT  യുടെ സഹായത്തോടെ ശാസ്ത്ര | ജൂൺ-<br>ഫെബ്രുവരി | |

| | | | |
|---|---|---|---|
| | വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു . പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവ ചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | | |
| 15 | സയൻസ് എക്സിബിഷൻ<br>ലഘു പരീക്ഷണങ്ങൾ മറ്റുള്ളവരുടെ മുന്നിൽ കാണിക്കാൻ അവസരം ഒരുക്കുന്നു<br>ചാർട്ട് , സ്റ്റിൽ മോഡൽ , വർക്കിംഗ് മോഡൽ നിർമ്മാണം ,<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം<br>ക്ലാസ്സുകളിൽ സെമിനാര് അവതരിപ്പിച്ചു മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം | ജൂൺ-ഫെബ്രുവരി | |
| 16 | ആയുർ രേഖ<br>പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക<br>വിദ്യാർത്ഥികളുടെ ആരോഗ്യ രേഖ സൂക്ഷിക്കുന്നു<br>സമ്പൂർണ പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ്<br>തണൽ മരങ്ങൾ നട്ടു പിടിപ്പിക്കൽ ' | ജൂൺ-ഫെബ്രുവരി | |
| 17 | വൈജ്ഞാനിക ബഹിർസ്ഫുരണം<br>പുതുപുത്തൻ സാങ്കേതിക വിദ്യയും , പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുത്തുന്നു.<br><br>സംസ്ഥാന ദേശിയ തലത്തിലുള്ള ക്വിസ്, സെമിനാര്, പ്രൊജക്റ്റ് മുതലാവയിൽ പങ്കെടുക്കുന്നു | ജൂൺ-ഫെബ്രുവരി | |




# ഗണിതശാസ്ത്രം

## ഗണിത ശാസ്ത്ര പഠനം - ലക്ഷ്യങ്ങൾ

1. ഗണിത പാഠനം ലളിതവും രസകരവുമാക്കുക

2. ICT സഹായത്തോടെ ചാമുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

3. സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിത പഠനം ലളിതമാണെന്ന് കുട്ടിയെ ബോധ്യപ്പെടുത്തുക.

4. ജ്യാമിതിയ രൂപങ്ങൾ തിരിച്ചറിയുക

5. വിവിധതരം ജ്യാമിതീയ രൂപങ്ങളുടെ ചേർച്ചയിലെ സൗന്ദര്യം ആസ്വദിക്കുക

6. സംഖ്യാ പാറ്റേണകൾ എളുപ്പത്തിൽ ചെയ്യുന്നു

7. ഗുണനപ്പട്ടിക ഉപയോഗം തിരിച്ചരിയുന്നു.

8. ദൈനം ദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവ സഹായകമാകുന്നുവെന്ന് കുട്ടികൾ തിരിച്ചറിയുക.

9. ലളിതമായ വിവരങ്ങളെ ചിത്രങ്ങളായും പട്ടികയായും അവതരിപ്പിക്കാനുള്ള കഴിവ് നേടുന്നു.

10. ജ്യാമിതീയിൽ നിന്നും സംഖ്യകളിൽ നിന്നും പാറ്റേൻ നിർമ്മിക്കാൻ കഴിയുക..

11. കുട്ടികൾ സ്വന്തമായി കൾ നിർമ്മിക്കുകയും ക്ലാസിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.


12. ഗണിത ആശയങ്ങൾ വളരെ വേഗം കുട്ടികളിലെത്തിക്കാൻ സഹായിക്കുന്ന പഠനോപകരണങ്ങൾ നിർമ്മിച്ച് ഗണിതലാബ് സജ്ജികരിക്കുക.

13. സങ്കലനം, വ്യപകലനം, ഗുണനം, ഹരണം, പ്രായോഗിക പ്രശന പരിഹരണം എന്നിങ്ങനെയുള്ള പഠന നേട്ടങ്ങൾ ലക്ഷ്യമിട്ടുള്ള പ്രവർത്തനത്തിന് മുൻതുക്കം നൽ കുന്നു.

14. ഗണിത ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രകൂറിപ്പുകൾ താൽപര്യജനകവും അർഥപൂർണവുമാകുന്നു.

15. സുക്ഷമതയോടും കൃത്യതയോടും കൂടി കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസിലാക്കുന്നതിനും പര്യാപ്തമാക്കുന്നു.

16. രക്ഷിതാക്കളുടെ ചിന്തുണ ഗണിത പഠനത്തിൽ ഉറപ്പു വരുത്തുന്നു.



| ക്രമ നമ്പർ | പ്രവർത്തനം | നിർവഹണ കാലഘട്ടം | സാമ്പത്തികം |
|---|---|---|---|
| 1 | പ്രാഥമിക പരീക്ഷ (PRE TEST - WORK SHEETS) ചാർട്ട് | ജൂൺ ആദ്യ രണ്ടാഴ്ച | |
| 2 | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു . സബ്ജക്ട് കൗൺസിലിന്റെ മികച്ച പ്രവർത്തനം, ശരിയായ ഇടപെടൽ, ചർച്ചകൾ, പഠന പിന്തുണാ പ്രവർത്തനങ്ങൾ, പാഠഭാഗങ്ങളുടെ ആസൂത്രണം, പ്രയാസമേറിയ ഭാഗങ്ങൾക്ക് വേണ്ടിയുള്ള ടീച്ചിങ് എയ്ഡ്കളുടെ നിർമ്മാണം | ജൂൺ- ജൂലൈ | |
| 3 | ഗണിത ശില്പശാല<br>കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു .<br>• നമ്പർ കാർഡുകൾ<br>• മഞ്ചാടിക്കുരു<br>• മുത്തുകൾ<br>• ഫ്ലാഷ് കാർഡ് ....<br>രാവിലെയും ഒഴിവു സമയങ്ങളിലും വളരെ ലളിതമായി ഗണിത ക്ലാസ് സജ്ജീകരിക്കൽ | ജൂൺ- ജൂലൈ | |
| 4 | ഗണിത ലാബ്<br>ഗണിത ശില്പശാലയിലൂടെ ഗണിത ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | ആവശ്യാനുസരണ ം | |
| 5 | ഗണിത ക്ലബ്<br>ഗണിത ക്ലബ് രൂപീകരണം വഴി ഗണിതത്തിൽ താല്പര്യമുളവാക്കുന്നു. നിലവിലെ അംഗങ്ങളെ ഉൾപ്പെടുത്തിയും പുതിയ അംഗങ്ങളെ ചേർത്തും പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നു . | ജൂലൈ ആദ്യവാരം | |

| | | | |
|---|---|---|---|
| 6 | ഗണിതം നിത്യ ജീവിതത്തിൽ<br>വിവിധ ജോലികളിൽ<br>ഏർപ്പെട്ടിരിക്കുന്നവരിൽ നിന്ന്<br>അതുമായി ബന്ധപ്പെട്ട ഗണിത<br>ഉപയോഗം മനസിലാക്കുന്നു | ഒരു ടേമിൽ ഒന്ന് | |
| 7 | ഒറിഗാമി ശില്പശാല<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ<br>ഗണിത ശേഷികൾ<br>കൈവരിക്കുന്നതിനുള്ള പരിശീലനം<br>നൽകൽ<br>വിവിധ രൂപങ്ങൾ നിർമിക്കുന്നു<br>അവയുടെ ഗണിത സവിശേഷതകൾ<br>പട്ടികപ്പെടുത്തൽ<br>പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു<br>തവണ | |
| 8 | ഫീൽഡ് ട്രിപ്പ്<br>കെട്ടിട നിർമ്മാണ സ്ഥലങ്ങൾ<br>സന്ദർശിച്ചു ഗണിതത്തിൽ<br>സ്വാധീനമുള്ള മേഖലകൾ<br>കണ്ടെത്തുന്നു | ആവശ്യാനുസരണ<br>ം | |
| 9 | ഗണിത അസംബ്ലി<br>ഗണിതമയമായ അസംബ്ലി<br>സംഘടിപ്പിക്കൽ<br>ജ്യാമിതീയ രൂപങ്ങൾ നിർമ്മാണം<br>പലതരം ജ്യാമിതീയ രൂപങ്ങൾ<br>നിർമാണം രൂപങ്ങളുടെ പ്രദർശനം | വർഷത്തിൽ രണ്ട്<br>തവണ | |
| 10 | ഗണിത ഗ്രാമം<br>ഗണിതത്തിൽ പ്രാവീണ്യമുള്ള മറ്റു<br>ആളുകളെ കൂട്ടി ലളിതമായി ഗണിത<br>ക്ലാസ് എടുക്കൽ .<br>പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക്<br>താല്പര്യമുളവാക്കുന്ന രീതിയിൽ<br>ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ മൂന്ന്<br>തവണ | |
| 11 | IT സാധ്യതകളിലൂടെ<br>ജ്യാമിതീയ രൂപങ്ങൾ ചതുഷ്ക്രിയകൾ<br>, ടാൻഗ്രാം, പാറ്റേൺ നിർമാണം , വൃത്ത | മാസത്തിൽ ഒരു<br>പ്രാവശ്യം | |

| | | | |
|---|---|---|---|
| | വിഭജനം പോലെയുള്ള<br>പ്രവർത്തനങ്ങൾ IT സാദ്ധ്യതകൾ<br>പ്രയോജനപ്പെടുത്തികൊണ്ട്<br>കുട്ടികളിലേക്ക് എത്തിക്കാൻ<br>എളുപ്പത്തിൽ കഴിയുന്നു | | |
| 12 | ഗണിത ക്ലിനിക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന<br>കുട്ടികളെ കണ്ടെത്തി<br>ഗണിതാധ്യാപകനും മുൻനിരയിൽ<br>നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട<br>മാർഗ്ഗ നിർദേശങ്ങൾ നൽകുന്നു<br>പോരായ്മകൾ കണ്ടെത്തി<br>ആവശ്യമായ പ്രവർത്തനങ്ങള<br>നൽകുന്നു<br>വർക്ക് ഷീറ്റ് നിർമ്മാണം<br>അഭിമുഖം<br>പ്രൊജക്റ്റ് അവതരണം<br>മോഡൽ നിർമ്മാണം | ആഴ്ചയിൽ ഒന്ന് | |
| 13 | ദിനാചരണം<br>ജൂൺ മുതൽ മാർച്ച്  വരെ<br>ദിനാചരണങ്ങളുമായി ബന്ധപെട്ടു<br>നടത്തേണ്ട പ്രവർത്തങ്ങൾ SRG യിൽ<br>രൂപപ്പെടുത്തുന്നു. നിശ്ചിത<br>ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു.<br>ഗണിത ദിനാചരണങ്ങൾ അടങ്ങിയ<br>ഗണിത കലണ്ടർ , ഗണിത<br>പ്രശ്നോത്തരി സംഘടിപ്പിക്കൽ,<br>ഗണിത<br>ശാസ്ത്രജ്ഞൻമാരേക്കുറിച്ചുള്ള<br>വിവര ശേഖരണം , ഗണിത മാഗസിൻ<br>തയ്യാറാക്കൽ | തുടർ പ്രവർത്തനം<br>ശനിയാഴ്ചകളിലും<br>മറ്റ്  അവധി<br>ദിവസങ്ങളിലും | |